# വിജ്ഞാനോത്സവം അറിയേണ്ടതെല്ലാം



യുപി വിഭാഗം

സർഗാത്മക ചിത്രീകരണം
- പ്രവർത്തനം 1 - തത്സമയം
- പ്രവർത്തനം 2 - ചിത്രം വിചിത്രം
- പ്രവർത്തനം 3 - വെള്ളത്തിന്റെ വില
- പ്രവർത്തനം 4 - ചാന്ദ്രയാത്ര- ഒരു കൊളാഷ്
- പ്രവർത്തനം 5 - വരക്കാം പൂർത്തിയാക്കാം

സർഗാത്മക രചന
- പ്രവർത്തനം 1 - ഹൃദയം തൊട്ട ദൂരം
- പ്രവർത്തനം 2 - എന്റെ വീടും ചുറ്റുപാടും
- പ്രവർത്തനം 3 - കാട്ടിലെ രാജാവ്
- പ്രവർത്തനം 4 - സിനിമ കാണാം എഴുതാം
- പ്രവർത്തനം 5 - 'ഞങ്ങൾക്കും പറയാനുണ്ട് '

നിരീക്ഷണം
- പ്രവർത്തനം 1 - ആകസ്മിക കണ്ടു പിടുത്തങ്ങൾ
- പ്രവർത്തനം 2 - വെളിച്ചത്തിന്റെ ചതി
- പ്രവർത്തനം 3 - ആരാണ് വമ്പൻ?
- പ്രവർത്തനം 4 - ഐസിട്ട ബലൂൺ
- പ്രവർത്തനം: 5 - എന്തൊരു പതുപതുപ്പ്

പരീക്ഷണം
- പ്രവർത്തനം 1 - മധുരിക്കും പരീക്ഷണം
- പ്രവർത്തനം 2 - അടുക്കളയിലെ കിടുതാപ്പികൾ
- പ്രവർത്തനം 3 - അദൃശ്യ മഷി
- പ്രവർത്തനം 4 - ക്രൊമറ്റോഗ്രഫി
- പ്രവർത്തനം 5 - അയഡിനുണ്ടോ? അയഡിൻ?

നിർമാണം
- പ്രവർത്തനം 1 - കടലാസ്കൊണ്ടൊരു ആനക്കുട്ടി
- പ്രവർത്തനം 2 - ഓടും കുട്ടി ചാടും കുട്ടി
- പ്രവർത്തനം 3 - പറഞ്ഞാൽ കേൾക്കാത്ത സൂചി
- പ്രവർത്തനം 4 - വർണ്ണപ്പട്ടങ്ങൾ
- പ്രവർത്തനം 5 - മത്തങ്ങ ആളൊരു പുലിയാ..

കളികൾ
- പ്രവർത്തനം 1 - ഒരു വാട്ട്സപ്പ് കളി നൂറാക്കാം
- പ്രവർത്തനം 2 - തലയോ വാലോ
- പ്രവർത്തനം 3 - കണ്ടെത്തൽ കളി
- പ്രവർത്തനം 4 - പേപ്പർ പസിൽ

പ്രവർത്തനം 5 - നൂറിലേക്കോട്ടം

# യുപി വിഭാഗം

# സർഗാത്മക ചിത്രീകരണം

## പ്രവർത്തനം 1 - തത്സമയം

2021 അന്താരാഷ്ട്ര പഴം-പച്ചക്കറി വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടനയും (UN) ഭക്ഷ്യ കാർഷിക സംഘടനയും(FAO) ചേർന്നു തീരുമാനിച്ച വിവരം പഴങ്ങളും പച്ചക്കറികളും വർധിത ആവേശത്തോടെയാണ് സ്വീകരിച്ചത്. പഴങ്ങളും പച്ചക്കറികളും ഓരോരുത്തരായി അവരവരുടെ മേന്മ പറഞ്ഞു കൊണ്ട് പച്ചപ്പഴ നഗരിയിൽ ഒത്തുകൂടി.. ഓരോരോ മൂലകളിലായി അവർ സംവാദങ്ങളും സെമിനാറുകളും യോഗങ്ങളും നടത്തി. ആ മഹാ സംഗമത്തിന്റെ തത്സമയ സംപ്രേഷണവുമായി എല്ലാ ചാനലുകളും സജീവമാണ്. ഒരു ചാനലിന്റെ റിപ്പോർട്ടറായ നിങ്ങൾ സംഗമത്തിന്റെ ആ ആവേശം ഒട്ടും ചോർന്നു പോകാതെ പ്രേക്ഷകരിലേക്ക് എത്തിക്കാനുള്ള ശ്രമത്തിലാണ് എന്നിരിക്കട്ടെ. ഈ ഒത്തുചേരലിന്റെ നിങ്ങൾ നൽകുന്ന തത്സമയ വിവരണം തയ്യാറാക്കൂ. അതിന്റെ ഒരു വീഡിയോ കൂടി തയ്യാറാക്കി സൂക്ഷിച്ച് വെക്കുമല്ലോ.

## പ്രവർത്തനം 2 - ചിത്രം വിചിത്രം

ചാറ്റൽ മഴയുള്ള ഒരു ദിവസം മധ്യവയസ്കയായ ഒരമ്മയും അവരുടെ 10-12 വയസ്സുള്ള മകനും നാട്ടിൻപുറത്തെ ഒരു ഭേദപ്പെട്ട ഹോട്ടലിൽ കയറി ഒരു മേശയ്ക്കരികിൽ സ്ഥാനം പിടിച്ചു. ഏതോ നാട്ടിൽ നിന്ന് ഇവിടെ നാടുകാണാനെത്തിയതാണ്. "എന്തു വേണം" എന്നു ചോദിച്ചെത്തിയ വെയ്റ്ററോട് സ്ത്രീ പറഞ്ഞു " ദ്വായ് സൂമാ ദ്വായ് സൂമാ " . പാവം വെയ്റ്റർ മിഴിച്ചു നിന്നു.
ഉടനെ കുട്ടി അവന്റെ ബാഗ് തുറന്ന് നോട്ട്ബുക്കും പേനയും എടുത്ത് ഒരു ചിത്രം വരച്ചു കാണിച്ചു.

(ചിത്രം 1)

കമിഴ്ത്തി വെച്ച കിണ്ണം പോലെ താഴേക്ക് ഒരു കാലും. വെയ്റ്റർ പറഞ്ഞു " ഓ മനസ്സിലായി. മഴ ശല്യായി ഇല്ലേ? അല്പം പഴേത് ഒന്നുണ്ട്. " അയാൾ ഒരു പഴയ കുടയുമായി വന്നു. അമ്മ പറഞ്ഞു " നിയാ നിയാ ". അമ്മയും മോനും ചിരിയോടു ചിരി. കുട്ടി വീണ്ടും പടം വരച്ചു. കമഴ്ത്തി വെച്ച കിണ്ണത്തിന് മുകൾ ഭാഗത്ത് ഒരു മൊട്ട്. കാലിന്റെ അടിഭാഗത്തിന് നല്ല വണ്ണം .

(ചിത്രം 2 )

വെയ്റ്റർക്ക് സാധനം മനസ്സിലായി. അയാൾ സങ്കടത്തോടെ 'ഇല്ല' എന്ന അർഥത്തിൽ തലകുലുക്കി. എന്നിട്ടയാൾ കുട്ടിയുടെ നോട്ടു പുസ്തകം വാങ്ങി ആ കടയിൽ കിട്ടുന്ന സാധനങ്ങളുടെ ചിത്രം വരച്ചു. അതിൽ 4 ഇനം പഴങ്ങളും 4 ഇനം പലഹാരങ്ങളും ഉണ്ടായിരുന്നു. കൂടാതെ രണ്ടു ജീവികളുടെ ചിത്രങ്ങളും - ഒന്ന് കരയിലും ഒന്ന് വെള്ളത്തിലും ജീവിക്കുന്നത്.

(ചിത്രം 3)

അമ്മയും മകനും എല്ലാ ഇനങ്ങളിൽ നിന്നും ഓരോന്ന് തിരഞ്ഞെടുത്തു.
അവർ വരച്ച ചിത്രങ്ങൾ ഒന്നു വരച്ച് കഥ പൂർത്തിയാക്കൂ. ചിത്രങ്ങൾ സൂക്ഷിച്ച് വെക്കണം.

## പ്രവർത്തനം 3 - വെള്ളത്തിന്റെ വില

അന്നാണ് വെള്ളത്തിന്റെ വില ഞങ്ങളറിഞ്ഞത്. അതേ, വെള്ളത്തെക്കുറിച്ച് തന്നെ. 2021 ഏപ്രിൽ 16 ന്റെ യുറീക്കയിലെ പത്രാധിപ കുറിപ്പിലെ യാത്രാനുഭവം വായിക്കൂ. വെള്ളവുമായി ബന്ധപ്പെട്ട് ഇതുപോലെ തീക്ഷ്ണമായ അനുഭവം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ ? കുറിപ്പ് മുഴുവൻ വായിക്കൂ. 'കുടിവെള്ളം ഓരോരുത്തരുടേയും ജന്മാവകാശമാണ്', എന്ന സന്ദേശമുയർത്തുന്ന ഒരു പോസ്റ്റർ തയ്യാറാക്കൂ...ചിത്രങ്ങളും ഫോട്ടോകളും കൊണ്ട് പോസ്റ്റർ മനോഹരമാക്കണം. നല്ലൊരു തലക്കെട്ടും നൽകാൻ മറക്കണ്ട.

## പ്രവർത്തനം 4 - ചാന്ദ്രയാത്ര- ഒരു കൊളാഷ്

1969 ജൂലൈ 21ന് മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയതിനെ പറ്റി നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ. ആ യാത്രികരുടെ ചിത്രങ്ങളും അവരുടെ യാത്രാവാഹനത്തിന്റെ ചിത്രങ്ങളും ഒക്കെ ശേഖരിക്കൂ.. നിങ്ങളുടെ ചിത്രം എല്ലാം ചേർത്ത് ചാന്ദ്രയാത്ര ആശയമായി ഒരു കൊളാഷ് ഉണ്ടാക്കിയാലോ? കൂടുതൽ വിവരങ്ങൾക്ക് ലൂക്കയിലെ ഒരു രണ്ട് ലേഖനങ്ങൾ റഫറൻസായി ചേർത്തിരിക്കുന്നു.

1) https://luca.co.in/did-man-go-to-the-moon/

2) https://luca.co.in/1969-moon-landing-photo-story/

നിങ്ങൾക്ക് ഇഷ്ടമുള്ള മറ്റ് ചിത്രങ്ങളും ചേർക്കൂ. കൊളാഷ് പുതുമയുള്ളതാക്കാൻ ശ്രദ്ധിക്കണേ..

## പ്രവർത്തനം 5 - വരക്കാം പൂർത്തിയാക്കാം

2021 ഫെബ്രുവരി 1 ലെ പേജ് 5 ൽ വന്ന 'രണ്ടുതരം വരകൾ' എന്ന കവിത ഒന്നു കൂടി വായിച്ചു നോക്കൂ. അതുപോലെ ഒന്ന് നമുക്കും ചെയ്താലോ? കുമൻകാവിൽ നിന്നു വരുന്ന റോഡും മുള്ളൻകുഴിയിൽ നിന്നു വരുന്ന റോഡും ചേർന്ന് പള്ളിപ്പുറത്തേക്കു പോകുന്ന റോഡിന്റെ വശത്തുള്ള ബസ് സ്റ്റോപ്പിൽ കുറേ നേരമായി അമ്മയും കുട്ടിയും ബസ് കാത്തിരിക്കുന്നു. കോവിഡ് കാലമാണല്ലോ.. ബസ് ഒക്കെ കുറവാണ്. രണ്ടാളും ഇരുന്നു മുഷിഞ്ഞു. അമ്മ കുട്ടിയുടെ സഞ്ചി തുറന്ന് ഡ്രോയിംഗ് ബുക്കും കളർ പെൻസിൽ ബോക്സും പുറത്തെടുത്ത് ആ കവലയുടെ ഒരു ചിത്രം വരച്ചു. കടകളും വാഹനങ്ങളും ഒക്കെ വരയ്ക്കാൻ തുടങ്ങിയപ്പോൾ കുട്ടി അതു തട്ടിപ്പറിച്ചു കൊണ്ട് പറഞ്ഞു,

ബാക്കി ഞാൻ വരയ്ക്കാം.അവൻ ചിത്രം പൂർത്തിയാക്കാൻ തുടങ്ങി. അവർ കണ്ട കാഴ്ചകൾ സങ്കല്പിച്ച് നിങ്ങൾ ചിത്രം പൂർത്തിയാക്കൂ.

# സർഗാത്മക രചന

## പ്രവർത്തനം 1 - ഹൃദയം തൊട്ട ദൂരം

ഇത്തവണത്തെ ടോക്യോ ഒളിമ്പിക്സ് നിങ്ങൾ ശ്രദ്ധിച്ചുണ്ടാകുമല്ലോ? കോവിഡ് പ്രതിസന്ധികളെ അതിജീവിച്ച് കായികലോകം തീർത്ത മാസ്മരികതയിൽ ഇന്ത്യയും പങ്കെടുത്ത് അഭിമാനകരമായ വിജയങ്ങൾ നേടി.

ഒളിമ്പിക്സിന്റെ ആരവങ്ങൾ ഏറെക്കുറെ അവസാനിച്ചെന്ന് നാം കരുതുമ്പോഴും ചില സംഭവങ്ങൾ നമ്മെ ഒളിമ്പിക്സിനേക്കാൾ അത്ഭുതപ്പെടുത്തുന്നു. വനിതകളുടെ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടിയത് , പോളണ്ടുകാരിയായ മരിയ ആൻഡ്രെജിക് ആണ്. വെള്ളിമെഡൽ നേടി അവർ നാട്ടിലെത്തിയപ്പോഴാണ് ഫ്രഞ്ചുകാരനായ മിലോസെക് എന്ന കുട്ടിക്ക് ഹൃദയ ശസ്ത്രക്രിയയ്ക്കായി 1,25,000 ഡോളർ ആവശ്യമുണ്ടെന്ന വാർത്തയറിഞ്ഞത്. താൻ ഇതുവരെ കാണാത്ത 8 മാസം മാത്രം പ്രായമായ അവൻ അമേരിക്കയിലെ സ്റ്റാൻഫോർഡ് ഹോസ്പിറ്റലിൽ ചികിത്സയിലാണ്. അവനെ സഹായിക്കാൻ മരിയ ആൻഡ്രെജിച്ച് തന്റെ ഒളിമ്പിക്സ് വെള്ളി മെഡൽ ലേലത്തിന് വെച്ചു. കുഞ്ഞിന്റെ ചികിത്സയ്ക്കാവശ്യമായ തുകയുടെ പകുതി തുകയ്ക്ക് സൂപ്പർ മാർക്കറ്റ് ശൃംഖലയായ 'സബ്ക പോൾസ്ക' ആ മെഡൽ ലേലത്തിലെടുത്തു. അവർ തുക ഉടൻ തന്നെ കുട്ടിക്ക് കൈമാറി.

"ഇക്കാര്യത്തിൽ ശരിയായ തീരുമാനമാണ് ഞാൻ എടുത്തത് കൂടുതൽ ആലോചിക്കാൻ ഒന്നുമില്ലായിരുന്നു. " മരിയ ആൻഡ്രജിച്ച് സമൂഹമാധ്യമങ്ങളിൽ കുറിച്ചു. 2016-ലെ ഒളിമ്പിക്സിൽ മൂന്ന് സെന്റീമീറ്ററിനായിരുന്നു അവർക്ക് മെഡൽ നഷ്ടപ്പെട്ടത്. 2018 ൽ അവർക്ക് കാൻസർ ബാധിച്ചു. കാൻസറിനേയും കോവിഡിനേയും അതിജീവിച്ചാണവർ ടോക്കിയോയിൽ ആ മെഡൽ നേടിയത്. എല്ലാവരേയും അത്ഭുതപ്പെടുത്തി 'സബ്ക പോൾസ്ക' കമ്പനി ആ മെഡൽ മരിയ ആൻഡ്രെജികിനു തന്നെ തിരിച്ചു നൽകി.

മരിയ ആൻഡ്രജിക്കിനെ അഭിനന്ദിക്കാനുള്ള യോഗത്തിൽ നിങ്ങളെ ക്ഷണിച്ചു എന്നു കരുതുക. നിങ്ങൾ എന്തായിരിക്കും പറയുക? നിങ്ങൾ അവതരിപ്പിക്കുന്ന പ്രഭാഷണം ഒന്നെഴുതി തയ്യാറാക്കൂ. പ്രഭാഷണം അവതരിപ്പിച്ച് ഓഡിയോ കൂടി തയ്യാറാക്കണം.

## പ്രവർത്തനം 2 - എന്റെ വീടും ചുറ്റുപാടും

2010 ജൂലൈ ഒന്നാം ലക്കം യുറീക്കയുടെ എഡിറ്റോറിയൽ ആണ് ഇവിടെ നൽകിയിട്ടുള്ളത്. നമുക്ക് ചുറ്റുമുള്ള സകല ജീവജാലങ്ങളും ചേരുമ്പോഴാണ് ഭൂമി ഭൂമിയാകുന്നത് എന്നാണ് ആ മുഖപ്രസംഗം നമ്മോട് പറയുന്നത്. മലയാളത്തിന്റെ പ്രിയ കവി അയ്യപ്പപ്പണിക്കരുടെ 'പുത്തൻവീട്ടിലെ മുത്തി' എന്ന കവിത പരാമർശിച്ചു കൊണ്ടാണ് അത് ആരംഭിക്കുന്നത്. പുതിയ വീട്ടിൽ പൊറുതി തുടങ്ങാൻ വരുന്നവരെക്കുറിച്ചാണ് യുറീക്കാ മാമൻ പറയുന്നത്. വീട്ടിലും വീട്ടിന്

പുറത്തുമുള്ളവരെക്കുറിച്ചെല്ലാം പറഞ്ഞു പോകുന്നുണ്ട്. നമ്മുടെ വീടും പരിസരവും പതുക്കെ വളർന്ന് ഒരു ഭൂമിയാകുന്നു. അതായത് ജൈവവൈവിധ്യമാർന്ന ഈ ഭൂമിയുടെ കുഞ്ഞു പതിപ്പാണ് നമ്മുടെ വീടും പരിസരവും. നമ്മുടെ വീട്ടിലും പരിസരത്തുമുള്ള ചങ്ങാതിമാരെ കുറിച്ച് ഒരു ഫീച്ചർ തയ്യാറാക്കിയാലോ?

അതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ വേണം? വീടും പരിസരവും നന്നായി നിരീക്ഷിക്കുക. ആരൊക്കെ, എന്തൊക്കെ എന്നെല്ലാം പട്ടികപ്പെടുത്തുക. അവയുടെ സവിശേഷതകൾ, രൂപം, വിഭാഗം, ശാസ്ത്രനാമം( സാധിക്കുമെങ്കിൽ ) തുടങ്ങി എല്ലാം കണ്ടെത്താൻ ശ്രമിക്കണം. കഴിയുന്നത്ര ഫോട്ടോകളും സംഘടിപ്പിക്കാം. ഫീച്ചറുകളെ കുറിച്ച്, അവ തയ്യാറാക്കുന്നതിനെ കുറിച്ച് അറിയാൻ ഈ ലിങ്ക് നോക്കൂ : [https://ml.wikipedia.org/wiki/%E0%B4%AB%E0%B5%80%E0%B4%9A%E0%B5%8D%E0%B4%9A%E0%B5%BC](https://ml.wikipedia.org/wiki/%E0%B4%AB%E0%B5%80%E0%B4%9A%E0%B5%8D%E0%B4%9A%E0%B5%BC)
മനോഹരമായ ഫീച്ചർ തയ്യാറാക്കിയോ? അത് സൂക്ഷിച്ച് വെക്കാൻ മറക്കണ്ട.

## പ്രവർത്തനം 3 - കാട്ടിലെ രാജാവ്

സിംഹത്തെ കാട്ടിലെ രാജാവായിട്ടാണല്ലോ കഥകളിൽ വിവരിക്കാറ്. അങ്ങനെ ഒരു തെരഞ്ഞെടുപ്പ് കാട്ടിൽ നടക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ. സൂത്രക്കാരനായ കുറുക്കനാണത്രേ മന്ത്രി . 'ശക്തരും സൂത്രശാലികളുമാകണം ഭരണാധികാരികൾ' എന്ന ആശയം പ്രചരിപ്പിക്കുന്ന ഇത്തരം കഥകൾ അധാർമികമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ ? ഈ ആശയത്തെ വിശകലനം ചെയ്ത് ഒരു കുറിപ്പാക്കൂ. കുറിപ്പ് കരുതിവെക്കുകയും വേണം.

## പ്രവർത്തനം 4 - സിനിമ കാണാം എഴുതാം

ചാർളിചാപ്ലിനെ നിങ്ങൾക്ക് പരിചയമുണ്ടല്ലോ. അദ്ദേഹത്തോളം തന്നെ പ്രശസ്തനും പ്രതിഭാധനനും ആയ ചലച്ചിത്രകാരൻ ആയിരുന്നു ബസ്റ്റർ കീറ്റൺ. കീറ്റൺ 1921 ൽ സംവിധാനം ചെയ്ത് നായകവേഷം ചെയ്ത സിനിമ ആണ് 'ദ ജനറൽ'. പഴയ ആവി എഞ്ചിൻ ഉപയോഗിച്ച് ഓടുന്ന തീവണ്ടി ഇതിലെ പ്രധാന കഥാപാത്രമാണ്. ഈ സിനിമ കണ്ട് ഒരു ആസ്വാദനം എഴുതി നോക്കൂ. സിനിമ ഇവിടെ കാണാം - [THE GENERAL (1926) full movie | SILENT COMEDY | BUSTER KEATON comedy | best classic comedy movies]
സിനിമകളെ കുറിച്ച് കൂടുതൽ അറിയാൻ 2018 ഏപ്രിൽ 16 ലെ യുറീക്ക വായിക്കാം. 'സിനിമയെ അറിയാം, സിനിമ കാണാം' എന്ന് പേരിട്ടിട്ടുള്ള ആ ലക്കം നിറയെ സിനിമകളെ കുറിച്ചുള്ള കാര്യങ്ങളാണ്. സിനിമാ ആസ്വാദനം, ചില സിനിമകാര്യങ്ങൾ, ചില സീരീസ് ആസ്വാദനങ്ങൾ എല്ലാം ഉണ്ട്. നല്ലൊരു ആസ്വാദനം എഴുതാൻ ആ ലക്കം നിങ്ങളെ സഹായിക്കും. ആസ്വാദനം എഴുതി കയ്യിൽ കരുതി.

## പ്രവർത്തനം 5 - 'ഞങ്ങൾക്കും പറയാനുണ്ട് '

മൃഗങ്ങളെക്കുറിച്ചും പക്ഷികളെ കുറിച്ചും എല്ലാം ധാരാളം കഥകളുണ്ട്. കുറുക്കനും മുയലും സിംഹവും കാക്കയും മയിലും കുയിലുമെല്ലാം കഥാപാത്രങ്ങളായി വരുന്ന ഒരുപാട് കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടാവും. മുന്തിരിക്കുലക്ക് വേണ്ടി ചാടി കിട്ടാതായപ്പോൾ 'അത് പുളിക്കും' എന്ന് പറഞ്ഞ കുറുക്കന്റെ കഥ, സിംഹത്തെ പറ്റിച്ച് കിണറ്റിൽ ചാടിച്ച ബുദ്ധിമാനായ മുയലിന്റെ കഥ - അങ്ങനെ പലതും. കാക്കയുടെ ശബ്ദത്തിന്റെ മാധുര്യത്തെ വാഴ്ത്തി ചുണ്ടിലിരിക്കുന്ന അപ്പം തട്ടിയെടുത്ത കുറുക്കൻ, കല്ലുകൾ പെറുക്കിയിട്ട് ഭരണിക്കടിയിലെ കുറച്ച് വെള്ളം ഉയർത്തി കുടിച്ച് ദാഹം തീർത്ത കാക്ക ഇങ്ങനെ കാക്കയെ പറ്റിയും എത്രയെത്ര കഥകൾ. ഈ കഥകളെല്ലാം നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ വീട്ടിൽ ആരോടെങ്കിലും ചോദിച്ചു നോക്കൂ. ഈ കഥകൾ കേൾക്കുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും എന്തെങ്കിലും ചിലത് പറയാനുണ്ടാവില്ലേ? മുകളിൽ പറഞ്ഞ കഥകളിലെ ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ മനസ്സ് ഒന്ന് പകർത്തിയാലോ? കത്ത്, കഥ, കവിത, നിവേദനം, പ്രഭാഷണം തുടങ്ങി അനുയോജ്യമായ വ്യവഹാര രൂപം ഏതുമാവാം

# നിരീക്ഷണം

## പ്രവർത്തനം 1 - ആകസ്മിക കണ്ടു പിടുത്തങ്ങൾ

വില്യം റോൺഡ്ജൻ എന്നൊരു ശാസ്ത്രജ്ഞൻ തന്റെ പരീക്ഷണശാലയിൽ ഒരു ഗ്ലാസ്സ് ട്യൂബിനുള്ളിൽ ചില രശ്മികളുമായി പരീക്ഷണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ട്യൂബ് അടച്ചിരുന്നിട്ടും അതിനപ്പുറത്തുള്ള ഫ്ലൂറസന്റ് സ്ക്രീൻ തിളങ്ങുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. കയ്യിൽ കിട്ടിയ പലതു കൊണ്ടും ട്യൂബ് അടച്ചിട്ടും ആ തിളക്കം അങ്ങനെ തന്നെ നിന്നു. അവസാന ശ്രമമെന്ന നിലയിൽ അദ്ദേഹം തന്റെ കൈ വച്ച് ആ ട്യൂബ് അടക്കാൻ ശ്രമിച്ചു. അദ്ദേഹം ഞെട്ടിപോയി. കയ്യിലെ എല്ലുകൾ അതാ ഫ്ലൂറസെന്റ് സ്ക്രീനിൽ തെളിഞ്ഞിരിക്കുന്നു. ഓടി പോയി ഒരു ഫോട്ടോഗ്രാഫിക് പ്ലേറ്റ് എടുത്തുവച്ച് അദ്ദേഹം പരീക്ഷണം ആവർത്തിച്ചു. അങ്ങനെ ആദ്യത്തെ എക്സ്റേ ഫോട്ടോ ഗ്രാഫ് ഉണ്ടായി.

ഇതുപോലെ ആകസ്മികമായ ധാരാളം ശാസ്ത്രകണ്ടുപിടുത്തങ്ങൾ ഉണ്ട്. അവയെ കുറിച്ച് അൻവേഷിച്ച് നോക്കൂ. അതിൽ 2 എണ്ണത്തിന്റെയെങ്കിലും വിശദമായ കുറിപ്പും തയ്യാറാക്കണം.

## പ്രവർത്തനം 2 - വെളിച്ചത്തിന്റെ ചതി

പ്രകാശപൂരിതമായ തുണിക്കടയിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടമുള്ള നിറത്തിലെ തുണി വാങ്ങി വീട്ടിലെത്തി നോക്കുമ്പോൾ നിറം മാറിയതായി എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? തുണി മാത്രമല്ല പല നിറങ്ങളുള്ള പൂക്കൾ, വർണക്കടലാസുകൾ , നിറമുള്ള ചിത്രങ്ങൾ ഇവക്കും വെളിച്ചം മാറുന്നതിനനുസരിച്ച് കാഴ്ചയിൽ മാറ്റങ്ങൾ ഉണ്ടാകില്ലേ? താഴെ പറയുന്ന രീതിയിൽ അവയെ നിരീക്ഷിച്ചാലോ?

1. പകൽ വെളിച്ചത്തിൽ
2. സന്ധ്യാവെളിച്ചത്തിൽ (വിളക്കില്ലാതെ )
3. നിലാവെളിച്ചത്തിൽ (മറ്റു വെളിച്ചമൊന്നും വീഴാത്ത ഇടത്തു നിന്ന് )
4. LED വെളിച്ചത്തിൽ

ഓരോ കാഴ്ചയിലെയും വ്യത്യാസങ്ങൾ വിശദമായി കുറിച്ചുവെക്കണം.

## പ്രവർത്തനം 3 - ആരാണ് വമ്പൻ?

ഒരു റബ്ബർ പന്ത്, പളുങ്ക്ഗോട്ടി , ഒരു ബാൾ ബെയറിംഗ് (സൈക്കിൾ ഷാപ്പിൽ കിട്ടും) ഇവ ഒരേ ഉയരത്തിൽ നിന്ന് തറയിലേക്ക് (സിമന്റ്, മാർബിൾ തുടങ്ങിയ ഉറപ്പുള്ള തറയായിരിക്കണം.

ഇല്ലെങ്കിൽ പരന്ന കല്ലിലേക്ക് ) ഇടുക. ഏതായിരിക്കും കൂടുതൽ ഉയരത്തിലേക്ക് തെറിക്കുന്നത് ? ആദ്യം ഊഹം എഴുതുക. പിന്നീട് ചെയ്തുനോക്കി കണ്ടെത്തുക. പലതരം തറകളിൽ , പല ഉയരങ്ങളിൽ നിന്ന് ഇട്ടുകൊണ്ട് പരീക്ഷണം ആവർത്തിക്കണം. എല്ലാ പ്രതലത്തിലും നിങ്ങളുടെ ആദ്യ ഊഹവും കണ്ടെത്തലും കുറിപ്പിൽ എഴുതണം.

## പ്രവർത്തനം 4 - ഐസിട്ട ബലൂൺ

ഒരു വലിയ കുപ്പി (വാട്ടർ ബോട്ടിൽ) എടുത്ത് നല്ല ചൂടുള്ള വെള്ളത്തിൽ കുറച്ചുനേരം വെക്കുക. ഒരു ബലൂണിന്റെ വായ കൊണ്ട് കുപ്പിയുടെ വായ മൂടിയ ശേഷം കുപ്പി ചൂടുവെള്ളത്തിൽ നിന്നെടുത്ത് തണുത്ത വെള്ളത്തിൽ വെക്കുക. ബലൂണിന് എന്ത് സംഭവിക്കുന്നു എന്നു നോക്കൂ. അത് കുറിച്ച് വെക്കാം. ഐസ് ലഭ്യമാണെങ്കിൽ വെള്ളത്തിൽ കുറച്ച് ഐസ് ഇട്ട് ബലൂൺ നിരീക്ഷിക്കുക. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നു കുറിക്കുക. പരീക്ഷണം മൊബൈലിൽ പകർത്തിയാൽ നന്ന്. പരീക്ഷണം വീട്ടിൽ എല്ലാവരെയും കാണിച്ച് വിശദീകരണം നൽകാൻ വെല്ലുവിളിക്കാം.

## പ്രവർത്തനം: 5 - എന്തൊരു പതുപതുപ്പ്

മുന്നൊരുക്കം : രണ്ടോ മൂന്നോ തൂവൽ ശേഖരിക്കൽ

പ്രവർത്തനം :

1. തൂവലുകൾ നിരീക്ഷണത്തിന് വിധേയമാക്കുക
2. തൂവൽ നിരീക്ഷിക്കുമ്പോൾ അതിന്റെ മധ്യഭാഗത്തുള്ള തൂവൽ സിര (rachis) , അതിനിരുവശത്തുമുള്ള തൂവൽ നാരുകൾ (barb), തൂവൽ നാരുകൾ ഇല്ലാത്ത അടിഭാഗത്തുള്ള തൂവൽഞെട്ട് (calamus) എന്നിവ പരിഗണിക്കണം.

കണ്ടെത്തേണ്ടത്:

1. തൂവൽ സിര (rachis), തൂവൽ നാരുകൾ (barb), തൂവൽഞെട്ട് (calamus) എന്നിവയുടെ പ്രത്യേകതകൾ.
2. പട്ടികപ്പെടുത്തൽ:
   തൂവൽ ----- പ്രത്യേകതകൾ
   തൂവൽ സിര ----
   തൂവൽ നാരുകൾ ----
   തൂവൽഞെട്ട് ----
3. രൂപരേഖ വരക്കൽ
4. ഊഹം എഴുതൽ
   a. നിരിക്ഷിച്ച തൂവൽ ഏതു പക്ഷിയുടേതാണ്?
   b. നിരിക്ഷിച്ച തൂവൽ പക്ഷിയുടെ ഏതു ശരീര ഭാഗത്താകും കാണപ്പെടുക?

# പരീക്ഷണം

## പ്രവർത്തനം 1 - മധുരിക്കും പരീക്ഷണം

രസമുകുളങ്ങളുടെ മാത്രമല്ല രസതന്ത്രത്തിന്റെ കൂടി ഒരു അത്ഭുതലോകമാണ് അടുക്കള. ഉഴുന്നും അരിയും കൂടി അരച്ച് വച്ചാൽ പിറ്റേന്ന് പുളിച്ച മാവ് കിട്ടും, ചൂട് തട്ടിയാൽ തൈര് പിരിയും, ഉപ്പിലിട്ടാൽ മാങ്ങ ചുരുങ്ങും അങ്ങനെ എന്തെല്ലാം നടക്കുന്നു അവിടെ. അടുക്കളയിൽ കടന്ന് ചില പരീക്ഷണങ്ങൾ ചെയ്ത് നോക്കിയാലോ? പരീക്ഷണങ്ങൾ ചെയ്യുമ്പോൾ മുതിർന്നവരെ കൂടെ കൂട്ടാൻ മറക്കരുത്.

നമുക്ക് ഒരു പഞ്ചസാര മിഠായി ഉണ്ടാക്കി നോക്കാം. എന്തൊക്കെ സാധനങ്ങൾ വേണം?

1. പഞ്ചസാര - 400 ഗ്രാം
2. വെള്ളം - 200 മില്ലിലിറ്റർ
3. ബിരിയാണി കളർ അല്ലെങ്കിൽ ഏതെങ്കിലും ഫുഡ് കളർ
4. പൈനാപ്പിൾ എസൻസോ ഓറഞ്ച് എസൻസോ (ഉണ്ടെങ്കിൽ മാത്രം) അത് എടുക്കുക
5. നല്ല നീളമുള്ള ഒരു ചില്ല ഗ്ലാസ്സ്
6. കനം കുറഞ്ഞ വൃത്തിയുള്ള ഈർക്കിൽ/വടി (നീളമുള്ള വടിയാണെങ്കിൽ നല്ല നീളമുള്ള മിഠായി കിട്ടും), ഇനി വടിയില്ലെങ്കിൽ ഒരു നൂൽ കഷണമായാലും മതി.
7. ഒരു തെർമോകോൾ കഷണവും സെല്ലോ ടേപ്പും ( വടി ഗ്ലാസ്സിന്റെ അടിയിലും വക്കിലും തട്ടാതെ വയ്ക്കാൻ) അല്ലെങ്കിൽ
8. ഒരു പെൻസിൽ (നൂൽ ഗ്ലാസ്സിന്റെ അടിയിലും വക്കിലും തട്ടാതെ കെട്ടിയിടാൻ)
9. വെള്ളം തിളപ്പിക്കാൻ പറ്റിയ പാത്രം.

വെള്ളവും പഞ്ചസാരയും ഒരുമിച്ച് തിളപ്പിക്കാനുള്ള പാത്രത്തിൽ വച്ച് ചൂടാക്കുക. ചൂടാക്കുമ്പോൾ തുടർച്ചയായി ഇളക്കികൊണ്ടിരിക്കണം. മുഴുവൻ പഞ്ചസാരയും ലയിച്ച് ചേരുന്നത് വരെ തുടർച്ചയായി ഇളക്കി ചൂടാക്കുക. വെള്ളം കൂടുതൽ സമയം ചൂടായി തിളക്കാതെയിരിക്കാൻ ശ്രദ്ധിക്കണം. പഞ്ചസാര വെള്ളത്തിൽ ലയിച്ച് കഴിഞ്ഞാൽ തീ അണച്ച് അതിൽ ബിരിയാണി കളർ ചേർത്ത് നന്നായി ഇളക്കി പാത്രം മാറ്റി വയ്ക്കുക. ഒരല്പം കൂടി പഞ്ചസാര അതിൽ ലയിപ്പിക്കാൻ പറ്റുമെങ്കിൽ അതും ചെയ്യാം. മുഴുവൻ പഞ്ചസാരയും ലയിപ്പിച്ച് ചേർക്കാൻ ശ്രദ്ധിക്കണം. ഈ ലായനിയിൽ നിന്നും ഒരു ടേബിൾ സ്പൂൺ ലായനി മാറ്റി വച്ച ശേഷം ബാക്കി തണുക്കാനായി വയ്ക്കാം. തണുപ്പിക്കുമ്പോൾ പൂർണമായും തണുക്കരുത്, നേരിയ ചൂട് ബാക്കി ഉണ്ടാവണം.

ഇനി നമ്മൾ മിഠായി അഥവാ പഞ്ചസാരയുടെ തരികൾ ഒട്ടിപ്പിടിക്കാനുള്ള 'സീഡ്' ഉണ്ടാക്കണം. നേരത്തേ മാറ്റി വച്ച പഞ്ചസാര ലായനിയിൽ വടി മുക്കി ഉണക്കുക. അല്ലെങ്കിൽ പഞ്ചസാര ലായനിയിൽ മുക്കിയ വടിയിൽ നാലഞ്ച് പഞ്ചസാരത്തരികൾ ഒട്ടിച്ച് പിടിപ്പിച്ചാലും മതി. നൂലിലാണ് ഇത് ചെയ്യുന്നതെങ്കിൽ നൂലു പഞ്ചസാര ലായനിയിൽ മുക്കി ഉണക്കണം.

പഞ്ചസാര വെള്ളം തണുത്ത് കഴിഞ്ഞാൽ ഈ വെള്ളം ചില്ലു ഗ്ലാസ്സിൽ പകർത്തുക.

ഇനി ശ്രദ്ധിച്ച് ഈ 'സീഡ്' (വടിയോ, നൂലോ) ചില്ല് ഗ്ലാസ്സിന്റെ വശങ്ങളിൽ തട്ടാതെ തെർമോകോളോ പെൻസിലോ ഉപയോഗിച്ച് പഞ്ചസാര ലായനിയിൽ മുക്കി വയ്ക്കുക. ഗ്ലാസ്സ് ഒരു ഒതുങ്ങിയ സ്ഥലത്തേക്ക് മാറ്റി വച്ചോളൂ. എല്ലാ ദിവസവും ഗ്ലാസ്സ് നിരീക്ഷിക്കണം. ഗ്ലാസ്സിനെ അനക്കരുത്. മൂന്നാല് ദിവസത്തിനുള്ളിൽ പഞ്ചസാര മിഠായി ഉണ്ടായി വരുന്നത് കാണാം. വെള്ളത്തിന്റെ മുകളിൽ പഞ്ചസാര തരികൾ ഉണ്ടാകുന്നെങ്കിൽ അത് മാറ്റണേ. [നിങ്ങളുടെ മിഠായി രുചി നോക്കാനുള്ള അവസരമാണിത്]. ഒരുപാട് പഞ്ചസാര തരികൾ ഗ്ലാസ്സിന്റെ വശങ്ങളിൽ ഉണ്ടാകുന്നെങ്കിൽ മിഠായി ഉണ്ടാക്കൽ ശരിയായില്ല എന്നർത്ഥം. വീണ്ടും വെള്ളം തിളപ്പിച്ച് പഞ്ചസാര ലയിപ്പിച്ച് പരീക്ഷണനിരീക്ഷണം ആവർത്തിക്കൂ. എത്രവലിയ മിഠായികൾ നിങ്ങൾക്ക് ഉണ്ടാക്കാൻ സാധിച്ചു?

മിഠായി വീട്ടിലുള്ളവർക്ക് തിന്നാൻ കൊടുത്തോ? അവർക്ക് ഇഷ്ടപ്പെട്ടോ? മിഠായിയുടെ ചിത്രങ്ങൾ, പരീക്ഷണത്തിന്റെ വീഡിയോകൾ, ചിത്രങ്ങൾ എന്നിവയും കരുതിവെക്കണേ.

(ഉപ്പുപയോഗിച്ചും ഇതേ പരീക്ഷണം ചെയ്യാം.)

## പ്രവർത്തനം 2 - അടുക്കളയിലെ കിട്ടുതാപ്പികൾ

അമ്ല -ക്ഷാര ഗുണങ്ങൾ (acid-base properties ) അളക്കാൻ പി.എച്ച് സൂചിക ഉപയോഗിക്കാൻ നിങ്ങൾ പഠിച്ചോ? അമ്ലമാണെങ്കിൽ പി.എച്ച് 7 ഇൽ കുറവായിരിക്കും അല്ലേ? ക്ഷാരമാണെങ്കിലോ 7 നു മുകളിൽ ആയിരിക്കും . വെള്ളത്തിനു ക്ഷാര ഗുണമോ അമ്ലഗുണമോ ഇല്ല അപ്പോൾ അത് പി.എച്ച് 7. ഇങ്ങനെ അക്കങ്ങൾ ഉപയോഗിച്ച് പി.എച്ച് മൂല്യം പറയുമെങ്കിലും നമ്മളെങ്ങനെ ഒരു വസ്തുവിന്റെ പി.എച്ച് കണ്ടുപിടിക്കും. അതിനു പിഎച്ചിനനുസരിച്ച് നിറം മാറുന്ന സൂചകങ്ങൾ ഉപയോഗിക്കും. ലാബിലെ ഉപയോഗത്തിനു നിറം മാറുന്ന പി.എച്ച് പേപ്പർ വാങ്ങാൻ കിട്ടും.

അടുക്കളയിലെ ചില 'കിട്ടുതാപ്പി'കൾ വച്ച് നമുക്കൊരു പി.എച്ച് സൂചകം ഉണ്ടാക്കി നോക്കിയാലോ?

അടുക്കളയിൽ കയറി താഴെ പറയുന്ന സാധനങ്ങൾ സംഘടിപ്പിക്കാൻ പറ്റുമോ എന്ന് നോക്കൂ.

1. ഒരു ചെറിയ ചുവന്ന ക്യാബേജിന്റെ പകുതി
2. വെള്ളം - ക്യാബേജ് മുങ്ങി കിടക്കാനുള്ള അത്രയും
3. ഒരു ചെറിയ കത്തി
4. ഒരു പാത്രം ( വെള്ളം തിളപ്പിക്കാൻ)
5. ഒരു അരിപ്പ
6. ഒരു വലിയ ഗ്ലാസ്സ് പാത്രം അല്ലെങ്കിൽ മറ്റെന്തെങ്കിലും പാത്രം
7. ആറ് ചില്ലു ഗ്ലാസ്സുകൾ
8. താഴെ പറയുന്നവയിൽ ഏതെങ്കിലും ആറെണ്ണം
    a. [ബേക്കിങ്ങ് സോഡ ( അപ്പക്കാരം) വെള്ളത്തിൽ അലിയിച്ചത്
    b. വാഷിങ്ങ് സോഡ ( അലക്കുകാരം) വെള്ളത്തിൽ അലിയിച്ചത്
    c. വിനാഗിരി
    d. സോഡ

e. ഡോമെക്സ് ( അല്ലെങ്കിൽ ഹൈഡ്രോക്ലോറിക് ആസിഡ് ഉള്ള എന്തെങ്കിലും ടോയ്ലറ്റ് ക്ലീനർ)
f. കാസ്റ്റിക് സോഡ ഉള്ള ഏതെങ്കിലും ക്ലീനിങ്ങ് സൊല്യൂഷൻ[ഉദാഹരണത്തിനു lysol kitchen cleaner]

[ ഇതിൽ എട്ടാമത്തേതിൽ ഒന്നോ രണ്ടോ എണ്ണം ഇല്ലെങ്കിലും കുഴപ്പമില്ല. അടുക്കളയിൽ ഉള്ള മറ്റ് ക്ഷാര - അമ്ല സാധനങ്ങൾ നിങ്ങൾക്ക് കണ്ടെത്താം]

ക്യാബേജ് ചെറുതായി അരിയുക . ഈ അരിഞ്ഞ ക്യാബേജ് വലിയ ഗ്ലാസ്സ് പാത്രത്തിൽ ഇട്ട് തിളച്ച വെള്ളം ഒഴിക്കുക. ഏകദേശം 30- മുതൽ 60 മിനിറ്റ് വരെ അതവിടെ ഇരുന്നു തണുക്കട്ടെ. പാത്രം ഒന്ന് അടച്ച് വച്ചേക്ക്. അപ്പോഴേക്കും ക്യാബേജിന്റെ ചുവന്ന/ പർപ്പിൾ നിറം വെള്ളത്തിലേക്ക് വരുന്നത് കാണാം. ഒരു അരിപ്പ ഉപയോഗിച്ച് ഈ വെള്ളം അരിച്ചെടുത്ത് ആദ്യം വെള്ളം തിളപ്പിച്ച പാത്രത്തിൽ ശേഖരിക്കുക. [മറ്റൊരു വലിയ ചില്ല് പാത്രമുണ്ടെങ്കിൽ അതിൽ ശേഖരിച്ചാൽ വെള്ളത്തിന്റെ നിറം നന്നായി കാണാം] . ഈ ക്യാബേജ് വെള്ളമാണു നമ്മുടെ പി.എച്ച് സൂചകം .

ഇനി 6 ഗ്ലാസ്സുകളിൽ എട്ടാം നമ്പറിലെ സാധനങ്ങൾ ഒരു 5 മില്ലി ലിറ്റർ വീതം എടുത്ത് ഗ്ലാസ്സുകൾ നിരത്തി വയ്ക്കു. ചെറിയ ഒരു സ്പൂൺ ഉപയോഗിച്ച് നമ്മൾ ഉണ്ടാക്കിയ ക്യാബേജ് പി.എച്ച് സൂചകം ഈ ഗ്ലാസ്സുകളിൽ ഒഴിക്കൂ. ഒരോ സ്പൂൺ ഒഴിക്കുമ്പോഴും ഇളക്കി കൊടുക്കണം. നിറം മാറുന്നത് വരെ ഒരോ ഗ്ലാസ്സിലും പി.എച്ച് സൂചകം ഒഴിക്കുക. നിങ്ങൾക്ക് എന്തെല്ലാം നിറങ്ങളാണു കിട്ടിയത്? നിങ്ങളുടെ കണ്ടെത്തലുകൾ വിശദമായ കുറിപ്പാക്കണേ.

[ചുവന്ന ക്യാബേജ് ഇല്ലെങ്കിൽ ചുവന്ന സവാള ഉപയോഗിച്ചും ഈ പി.എച്ച് സൂചകം ഉണ്ടാക്കാം. സവാള ഉപയോഗിക്കുമ്പോൾ അരിഞ്ഞ സവാള വെള്ളത്തിൽ ഇട്ട് രണ്ട് മൂന്നു മിനിട്ട് തിളപ്പിച്ച ശേഷം തണിപ്പിച്ച് അതിന്റെ ചുവന്ന വെള്ളം ഞെക്കിപിഴിഞ്ഞെടുക്കുക.]

## പ്രവർത്തനം 3 - അദൃശ്യ മഷി

എഴുതാൻ അദൃശ്യമായ ഒരു മഷി ഉണ്ടായാലോ? അടിപൊളിയാണല്ലേ. കൂട്ടുകാർക്ക് രഹസ്യമായി കാര്യങ്ങൾ കൈമാറാൻ എന്ത് രസം!

അടുക്കളയിലെ പല വസ്തുക്കൾ വച്ചും രഹസ്യമഷി ഉണ്ടാക്കാം. നമുക്ക് നാരങ്ങയോ വിനാഗിരിയോ വച്ച് ഉണ്ടാക്കിയാലോ?
വേണ്ട സാധനങ്ങൾ :

1. നാരങ്ങ - പകുതി അല്ലെങ്കിൽ വിനാഗിരി 5 മില്ലി
2. 2 മില്ലി വെള്ളം.

നാരങ്ങ പിഴിഞ്ഞ് അതിൽ വെള്ളം ഒഴിച്ച് നേർപ്പിക്കുക. ഇനി ഒരു വെള്ള പേപ്പർ എടുത്ത് നിങ്ങളുടെ രഹസ്യ സന്ദേശം എഴുതി ചേർക്കൂ. പേപ്പർ നന്നായി ഉണങ്ങട്ടെ. ഇപ്പോൾ ഇത് ഒന്നും എഴുതാത്ത വെറും ഒരു കഷ്ണം പേപ്പർ.

ഇനി സന്ദേശം കൈമാറാം. കിട്ടുന്ന ആൾ ആ പേപ്പർ ബൾബിനടിയിൽ വച്ച് ചൂടാക്കി നോക്കട്ടെ. അല്ലെങ്കിൽ തേപ്പു പെട്ടി കൊണ്ട് തേച്ച് ചൂടാക്കിയാലും മതി സന്ദേശം തെളിഞ്ഞ് വരുന്നത് കാണാം . കടലാസ് കത്താതെ പതുക്കെ ചൂടാക്കണേ.

അടുക്കളയിൽ ഉള്ള മറ്റെന്തൊക്കെ വസ്തുക്കൾ കൊണ്ട് അദൃശ്യമഷി ഉണ്ടാക്കാൻ കഴിയും? ഒന്ന് ശ്രമിച്ച് നോക്കൂ. ചൂടാക്കാതെ മറ്റ് മാർഗങ്ങളിലും അദൃശ്യഭാഷ തെളിഞ്ഞുവരും. അതും ഒന്ന് ശ്രമിക്കാം. അതിനുശേഷം വസ്തുക്കളും എങ്ങനെ അദൃശ്യഭാഷ തെളിഞ്ഞു എന്നതുമടക്കം ചെയ്ത പ്രവർത്തനങ്ങൾ എല്ലാം അടങ്ങുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.

## പ്രവർത്തനം 4 - ക്രൊമറ്റോഗ്രഫി

കറുപ്പിൽ എത്ര നിറങ്ങളുണ്ട്? എന്തൊരു ചോദ്യമാണല്ലേ കറുപ്പിൽ ഒരേ ഒരു നിറം കറുപ്പ്! അങ്ങനെ ആണോ നിങ്ങളുടെ ഉത്തരം. എന്നാൽ നമുക്കൊന്ന് നോക്കിയാലോ?

വെളുത്ത ചോക്കും കറുത്ത മഷിയും സംഘടിപ്പിക്കൂ. നമുക്ക് തുടങ്ങാം.

വേണ്ട സാധനങ്ങൾ

1. ചോക്ക് - 6 എണ്ണം
2. കറുത്ത മഷി - 1 മില്ലി
3. റബ്ബിങ്ങ് ആൽകഹോൾ എന്ന് വിളിക്കപ്പെടുന്ന സ്പിരിറ്റ്. ഇഞ്ചക്ഷൻ എടുത്ത ശേഷം തേയ്ക്കുന്ന സ്പിരിട്ട്, മെഡിക്കൽ ഷോപ്പിൽ വാങ്ങാൻ കിട്ടും. ഇല്ലെങ്കിൽ വെള്ളമായാലും മതി.
4. ഒരു ചില്ല ഗ്ലാസ്സ്
5. പ്ലാസ്റ്റിക് റാപ്പർ അല്ലെങ്കിൽ അലുമിനിയം ഫോയൽ

ചോക്കിൽ താഴെ നിന്നും അല്പം മുകളിലായി കറുത്ത മഷി കൊണ്ട് ഒരു കുത്തിടുക.. ഇനി ഗ്ലാസ്സിൽ റബ്ബിങ്ങ് ആൽക്കഹോൾ അല്ലെങ്കിൽ സ്പിരിറ്റ് ഒരു 10 മില്ലി ലിറ്റർ ഒഴിക്കുക ചോക്ക് പതിയെ ഈ സ്പിരിറ്റിൽ മുക്കി വയ്ക്കുക. ചോക്കിൽ മഷി തൊട്ട ഭാഗം സ്പിരിട്ടിൽ മുങ്ങാതെ ശ്രദ്ധിക്കണം. പ്ലാസ്റ്റിക് റാപ്പർ അല്ലെങ്കിൽ അലുമിനിയം ഫോയൽ കൊണ്ട് ഈ ഗ്ലാസ്സ് മൂടി വയ്ക്കുക. സ്പിരിറ്റ് വറ്റി പോകാതിരിക്കാനും സ്പിരിറ്റിന്റെ ബാഷ്പങ്ങൾ നിറയാനും ആണിത്. ഇനി ചോക്കിനെ നിരീക്ഷിക്കുക. ഒരോ അഞ്ച് മിനിറ്റിലും കറുത്ത മഷിക്ക് എന്ത് സംഭവിക്കുന്നു എന്ന് നിരീക്ഷിക്കുക.

30 മിനിറ്റ് കഴിഞ്ഞപ്പോൾ എന്താണു കണ്ടത്? ഇപ്പോൾ പറയൂ കറുപ്പിൽ എത്ര നിറങ്ങൾ ഉണ്ട്?

സ്പിരിട്ട് ഇല്ലെങ്കിൽ വെള്ളത്തിലോ ആൽക്കഹോൾ സാനിട്ടെസറിലോ (ജെൽ സാനിറ്റൈസർ, കളർ ഉള്ള സാനിറ്റൈസർ എന്നിവ ഉപയോഗിക്കരുത്) ഈ പരീക്ഷണം ചെയ്ത് നോക്കൂ. നിങ്ങൾ എന്താണ് കണ്ടത്? ചോക്കിനു ചുറ്റും ഒരേ ഉയരത്തിൽ ഒരു വളയം വരച്ചും ഇത് ആവർത്തിക്കാം.

ഇതേ പരീക്ഷണം കറുത്ത മഷിക്ക് പകരം ക്യാരറ്റ് ജ്യൂസിലോ ബീറ്റ്റൂട്ട് ജ്യൂസിലോ പലതരം മഷികളുടെ മിശ്രിതത്തിലോ നോക്കൂ. ചിത്രങ്ങൾ എടുത്ത് സൂക്ഷിക്കണം, പരീക്ഷണക്കുറിപ്പും എഴുതണം.


## പ്രവർത്തനം 5 - അയഡിനുണ്ടോ? അയഡിൻ?

കുറച്ചു മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും കൂടി കുഴക്കുമ്പോൾ നല്ലചുവപ്പ് നിറമാവുന്നത് നിങ്ങൾ കണ്ടിരിക്കുമല്ലോ. ഈ നിറം മാറ്റം രാസപ്രവർത്തനങ്ങൾ കൊണ്ടാണെന്ന് നമുക്ക് അറിയാം. അങ്ങനെയാണെങ്കിൽ നമ്മുടെ അടുക്കളയിൽ നടക്കുന്ന ഇത്തരം രാസ മാറ്റങ്ങൾ കാണാൻ ചില പ്രവർത്തനങ്ങൾ ചെയ്തു നോക്കിയാലോ? ഉപ്പിൽ അയഡിൻ ഉണ്ടോ? നമുക്ക് ഒന്ന് പരീക്ഷിച്ച് നോക്കിയാലോ? അതിനായി -എന്തൊക്കെ വസ്തുക്കളാണ് നമ്മൾക്ക് വേണ്ടത്. ഒരു ഉരുളക്കിഴങ്ങ്, കുറച്ച് ഉപ്പ്, നാരങ്ങ എന്നിവ സംഘടിപ്പിക്കൂ. ഇനി എന്തു വേണം. ഉരുളക്കിഴങ്ങിനെ നേർപകുതിയായി മുറിക്കുക അതിലേക്ക് ഉപ്പ് ചെറുതായി വിതറുക .കുറച്ചു സമയങ്ങൾക്ക് ശേഷം ,ഏകദേശം 5 മിനിറ്റ് , നാരങ്ങാനീര് നേരിട്ട് ഈ ഉപ്പിലേക്ക് പിഴിഞ്ഞ് ഒഴിക്കുക .കാത്തിരിക്കൂ. നാരങ്ങാനീര് വിതറിയിടത്ത് നീല അല്ലെങ്കിൽ വൈലറ്റ് നിറങ്ങൾ കാണുന്നുണ്ടോ? ഉണ്ടെങ്കിൽ ആ ഉപ്പിൽ അയഡിൻ ഉണ്ട് എന്ന് മനസ്സിലാക്കാം. എങ്കിൽ ചെയ്ത് നോക്കൂ.. പരീക്ഷണം നടത്തുന്നതിന്റെ വീഡിയോ എടുത്ത് വക്കണേ.

# നിർമാണം

## പ്രവർത്തനം 1 - കടലാസ്സൊണ്ടൊരു ആനക്കുട്ടി

കൂട്ടുകാരേ, ഒറിഗാമിയെ പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? പേപ്പർ മടക്കി രൂപങ്ങൾ ഉണ്ടാക്കുന്ന വിദ്യായാണത്. പലതരം ഒറിഗാമി രൂപങ്ങളും യുറീക്കയിലൂടെയും മറ്റ് പുസ്തകളിലൂടെയും നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടാകുമല്ലോ? നിർമ്മാണവും ഭാവനയും കൂടി ചേരുമ്പോഴാണ് ഒറിഗാമിയിൽ മിടുക്കരാകുക. നമുക്കൊരു ഒറിഗാമി ആന കുട്ടിയെ നിർമ്മിച്ചാലോ? എങ്കിൽ മറ്റ് മടക്കുകളൊന്നുമില്ലാത്ത ഒരു സമചതുരാകൃതിയിലുള്ള പേപ്പർ എടുത്തോളൂ .... ഇനി താഴെ നൽകിയിട്ടുള്ള ചിത്രത്തിലെ 1 മുതൽ 9 വരെ നമ്പർ നൽകിയിട്ടുള്ള ഓരോ ഘട്ടവും നിരീക്ഷിച്ച് അതു പോലെ മടക്കി മടക്കി നോക്കൂ...
ഒരു ആനക്കുട്ടിയുടെ തലയുടെ രൂപം വന്നോ? രൂപം മനോഹരമാക്കാൻ ചെറിയ വരകളും ആകാം. ചിത്രം നിരീക്ഷിച്ച് അതുപോലെ മടക്കുകൾ ഉണ്ടാക്കുക എന്നത് ആദ്യം അല്പം പ്രയാസമായി തോന്നിയേക്കാം. അവിടെ മുതിർന്നവരുടെ സഹായം തേടാം. ഒറ്റ പ്രാവശ്യം ചെയ്ത് നിർത്തരുത്. വീണ്ടും വീണ്ടും ഉണ്ടാക്കി പഠിക്കണേ, അപ്പോഴെ മടക്കുകൾ കൃത്യമാവൂ. നന്നായി മനസിലായി കഴിഞ്ഞാൽ, നിർമ്മിക്കുന്നതിന്റെ ഒരു കുഞ്ഞ് വീഡിയോ എടുത്ത് സൂക്ഷിക്കണം, കൂടെ നിങ്ങൾ ഉണ്ടാക്കിയ ആനക്കുട്ടിയെയും.
ചിത്രം താഴെ നൽകുന്നു.👇



## പ്രവർത്തനം 2 - ഓട്ടം കുട്ടി ചാട്ടം കുട്ടി


മൈദയോ ഗോതമ്പ് മാവോ കുഴച്ച് ചില രൂപങ്ങൾ നിർമിക്കാൻ ശ്രമിച്ചാലോ? ഒരു കുട്ടിയുടെ 3 പ്രവർത്തനങ്ങൾ കാണിക്കുന്ന രൂപങ്ങൾ ഉണ്ടാക്കാം. ഒരെണ്ണം ഉണ്ടാക്കി നിങ്ങൾ കൂടി ഉൾപ്പെടുന്ന ഫോട്ടോ എടുത്ത ശേഷം അതേ മാവ് ഉപയോഗിച്ച് അടുത്ത രൂപം ഉണ്ടാക്കാം. ഇലകൾ, വിത്തുകൾ മുതലായവ ഉപയോഗിച്ച് രൂപം കൂടുതൽ മിഴിവുള്ളതാക്കണം. ഓടുന്ന കുട്ടി, ചാടുന്ന കുട്ടി, ചായ കുടിക്കുന്ന കുട്ടി അങ്ങനെ എന്തുമാകാം. മുതിർന്നവർ ആരുടെയും സഹായം തേടാം, സഹായം മാത്രമേ ആകാവൂ. ഉണ്ടാക്കിയ രൂപത്തോടൊപ്പം എടുത്ത ചിത്രങ്ങൾ കരുതി വെക്കണേ.

## പ്രവർത്തനം 3 - പറഞ്ഞാൽ കേൾക്കാത്ത സൂചി


ഒരു നല്ല ബാർ മാഗ്നറ്റും നീളമുള്ള ഒരു തുന്നൽ സൂചിയും സംഘടിപ്പിക്കൂ. സൂചി മേശപ്പുറത്ത് വെച്ച് മാഗ്നറ്റിന്റെ ഒരറ്റം സൂചിയുടെ ഒരറ്റത്ത് തൊടുവിച്ച് മറ്റേ അറ്റം വരെ ഉരസുക. ഇതു 25-30 വട്ടം ആവർത്തിക്കുക. (എപ്പോഴും മാഗ്നറ്റിന്റെ ഒരേ അറ്റം കൊണ്ട് ഒരേ ദിശയിൽ വേണം ഉരസാൻ).ഈ സൂചി ഒരു കോർക്കിന്റെയോ പ്ലാസ്റ്റിക്ക് കുപ്പിയുടെ മലർത്തി വെച്ച അടപ്പിന്റെയോ മുകളിൽ വെച്ച ശേഷം ഒരു പരന്ന പാത്രത്തിലെ വെള്ളത്തിനു മീതെ നിർത്തുക. ഈ കോർക്ക് / അടപ്പ് പല ദിശയിലേക്ക് തിരിച്ച ശേഷം വിട്ടു നോക്കൂ. എന്തു സംഭവിക്കുന്നു എന്ന് വിശദമായി കുറിച്ച് വെക്കണേ.

## പ്രവർത്തനം 4 - വർണ്ണപ്പട്ടങ്ങൾ


കൂട്ടുകാരേ,
കൊറോണ കാലത്ത് വീട്ടിലിരുന്ന് മടുത്തോ? ഒന്ന് പുറത്തിറങ്ങാൻ തോന്നുന്നില്ലേ? ചെറിയ കാറ്റുള്ള വൈകുന്നേരങ്ങളിൽ തുറസ്സായ സ്ഥലത്ത് ചെന്ന് ഒരു പട്ടം പറത്തി കളിക്കുന്നതിനെ പറ്റി എന്ത് തോന്നുന്നു.. രസമായിരിക്കും അല്ലേ? അതിന് പട്ടം വേണമല്ലോ? നമുക്ക് സ്വന്തമായൊരു പട്ടം നിർമിച്ച് നോക്കിയാലോ?
ഇതിന് വേണ്ടത് 2 ഷീറ്റ് പത്ര കടലാസും ബലമുള്ള 2ഈർക്കിളും കുറച്ച് നൂലും പശയും മാത്രം. എങ്ങനെയാണ് ഉണ്ടാക്കുക എന്ന് കേട്ടോളൂ...
ഒരു പത്രകടലാസ് ചിത്രം 1 ൽ കാണുന്ന വിധം സമചതുരമാക്കുക.





അതിന്റെ ഒരു മൂലയിൽ നിന്ന് എതിർമൂലയിലേയ്ക്ക് ഏകദേശം 60 cm ദൂരമുണ്ടാകും.ഇത്രയും നീളത്തിലുള്ള ഒരു ഈർക്കിൾ, ചിത്രം 2ൽ കാണുന്ന വിധം ഒട്ടിക്കുക.





(ഒട്ടിക്കാൻ 4x4 cm പേപ്പർ കഷ്ണങ്ങൾ മുറിച്ചെടുത്ത് പശതേച്ച് ഈർക്കിളിന് മുകളിൽ വെച്ച് അമർത്തിയാൽ മതി ) അടുത്ത ഈർക്കിൾ നേരത്തെ ഒട്ടിച്ച ഈർക്കിളിനേക്കാൾ 5cm കൂടുതൽ വരുന്ന നീളത്തിൽ (ഏകദേശം 65 cm) മുറിച്ചെടുക്കുക.അതിന്റെ രണ്ടറ്റങ്ങളും നൂല് പയോഗിച്ച് വലിച്ചുകെട്ടി ഒരു വില്ലുണ്ടാക്കണം.ഈ വില്ല് അടുത്ത എതിർ മൂലകളിൽ വെച്ച് പേപ്പർ കഷ്ണങ്ങൾ ഉപയോഗിച്ച് ഒട്ടിച്ച് ചേർക്കണം.( ചിത്രം 3).



ഇനി ചെവി വെക്കണം. ഇതിനായി 10 സെ.മീ. വീതിയും 15 സെ.മീ. നീളവുമുള്ള ഓരോ പേപ്പർ റിബൺ ഇരുവശത്തുമായി(വില്ലിന്റെ 2 അറ്റവും വരുന്ന വശം) ഒട്ടിച്ചു തൂക്കിയിടുക.
പട്ടത്തിന്റെ തല തയ്യാറായി, വാലുകൂടി വേണ്ടേ? ഏകദേശം ഒന്നര മീറ്റർ നീളത്തിൽ 7 സെ.മീ വീതിയുള്ള ഒരു പേപ്പർ റിബൺ തയ്യാറാക്കി ചിത്രം 4 ൽ കാണുന്നതുപോലെ ഒട്ടിച്ചോളൂ...
ചെവികളുടെയും വാലിന്റെയും താഴെ ഭാഗത്ത് ചെറിയ കീറലുകൾ ഉണ്ടായാൽ നന്നായിരിക്കും.




പട്ടം പൂർത്തിയായി കഴിഞ്ഞു.
ഇനി പട്ടം പറത്താനായി നൂല് കെട്ടേണ്ടേ? ഇവിടെയാണ് ശ്രദ്ധ കൂടുതൽ വേണ്ടത്.ഇതിനായി പട്ടത്തിന്റെ തലയിൽ ചിത്രം 5 ൽകാണുന്നതുപോലെ 4 ദ്വാരങ്ങൾ ഇടണം.




50 cm നീളമുള്ള നൂലെടുത്ത് പട്ടത്തിന്റെ അടിവശത്തു നിന്ന് ഒന്നാം ദ്വാരത്തിലൂടെ കോർത്ത് രണ്ടാം ദ്വാരത്തിലൂടെ അടിഭാഗത്തേയ്ക്ക് തന്നെ എടുക്കുക. തുടർന്ന് മൂന്നാം ദ്വാരത്തിലൂടെ മുകളിലേക്ക് കോർത്ത് നാലാം ദ്വാരത്തിലൂടെ അടിയിലേക്ക് എടുക്കുക. ഇപ്പോൾ നൂലിന്റെ രണ്ടറ്റവും പട്ടത്തിന്റെ അടിവശത്തായിരിക്കും ഈ അറ്റങ്ങൾ ചേർത്തുകെട്ടുക.

പട്ടം പറത്താനായി കരുതി വെച്ച നൂലുണ്ടയുടെ അറ്റം തലയുടെ താഴെയുള്ള നൂലിൽ കെട്ടി തുറസായ സ്ഥലത്ത് പറത്തി നോക്കൂ... മുകളിലേക്ക് പോകുന്നതിനനുസരിച്ച് നൂൽ കൂടുതൽ കൂടുതൽ സ്വതന്ത്രമാക്കികൊണ്ടിരിക്കാം. പട്ടം മേലേക്ക് പോകുമ്പോഴും നൂലിന്റെ അറ്റം വിടാതെ മുറുകെ പിടിക്കണേ....

പട്ടനിർമ്മാണത്തിന്റെ ഒരു കുഞ്ഞു വീഡിയോ എടുക്കാൻ മറക്കരുത്. പട്ടം സൂക്ഷിച്ച് വെക്കണം.

## പ്രവർത്തനം 5 - മത്തങ്ങ ആളൊരു പുലിയാ..

കൂട്ടുകാർക്ക് മത്തങ്ങ ഇഷ്ടമാണോ? മത്തങ്ങ കൊണ്ട് എന്തൊക്കെ വിഭവങ്ങൾ തയ്യാറാക്കാം പറ്റും? മത്തങ്ങ എരിശ്ശേരി, സാമ്പാർ പിന്നെ?

നമുക്കൊരു മത്തങ്ങ അച്ചാർ ഉണ്ടാക്കിയാലോ. മത്തങ്ങ അച്ചാറോ എന്ന് ചോദിക്കാൻ വരട്ടെ. മാങ്ങ അച്ചാർ പോലെ തന്നെ അടിപൊളി അച്ചാർ ആണ മത്തങ്ങ അച്ചാറും. ഒരു മത്തങ്ങ എടുത്ത് കൊത്തിയരിഞ്ഞ് ഉണ്ടാക്കാൻ തുടങ്ങാം. മാങ്ങ അച്ചാർ ഉണ്ടാക്കുന്ന അതേ പോലെ തന്നെ ഉണ്ടാക്കിയാൽ മതി. പുളിക്ക് ഒരല്പം കൂടുതൽ വിനാഗിരി ഒഴിക്കണം എന്ന് മാത്രം.

വേണ്ട സാധനങ്ങൾ

===================

മത്തങ്ങ- ഒട്ടും പഴക്കാത്ത പച്ചനിറമുള്ളത് ചെറിയത് - 1

ഉലുവ- 1 ടീസ്പൂൺ

കടുക്- 1 ടീസ്പൂൺ
വറ്റൽ മുളക്- 10 എണ്ണം
വെളുത്തുള്ളി- 1/2 കപ്പ്
ഇഞ്ചി ഒരു വലിയ കഷണം (പൊടിയായി അരിഞ്ഞത്)
പച്ചമുളക്- 4 എണ്ണം (പൊടിയായി അരിഞ്ഞത്)
കറിവേപ്പില- ആവശ്യത്തിന്
മഞ്ഞൾപ്പൊടി 2 ടീസ്പൂൺ
കാശ്മീരി മുളകുപൊടി- 4 ടേബിൾസ്പൂൺ
കായപ്പൊടി- 1 ടീസ്പൂൺ
വിനാഗിരി - 1 കപ്പ്
നല്ലെണ്ണ - 1 കപ്പ്
ഉപ്പ്- ആവശ്യത്തിന്

ആദ്യം തന്നെ തൊലി കളയാതെ മത്തങ്ങ കുനുകുനെ അരിഞ്ഞ് അതിൽ ഉപ്പും വിനാഗിരിയും പുരട്ടി മാറ്റി വെള്ളം വാലാൻ വയ്ക്കുക. ഒരു ചീനചട്ടി അടുപ്പത്ത് വച്ച് ചൂടായി വരുമ്പോൾ എണ്ണ ഒഴിച്ച് ചൂടാക്കി അതിൽ കടുകും ഉലുവയും പൊട്ടിക്കുക. പിന്നെ വറ്റൽ മുളക്, കറിവേപ്പില, ഇഞ്ചി, വെളുത്തുള്ളി എന്നിവ ചേർത്ത് നന്നായി മൂപ്പിച്ച് എടുക്കുക. മൂത്ത് വരുമ്പോൾ പച്ചമുളക് ചേർത്ത് കൊടുക്കുക. ഒരു മിനിറ്റിനു ശേഷം മഞ്ഞൾപൊടി, കാശ്മീരി മുളക് പൊടി എന്നിവ ചേർത്ത് മൂത്ത് വരുമ്പോൾ കായപ്പൊടി ചേർക്കാം. കായത്തിന്റെ നല്ല മണം വരുന്നില്ലേ? അരിഞ്ഞ് ഉപ്പും വിനാഗിരിയും ചേർത്ത് വച്ച മത്തങ്ങ ചേർക്കാൻ സമയമായി. മത്തങ്ങ ചേർക്കുമ്പോൾ വാർന്ന് വന്ന വെള്ളം ചേർക്കേണ്ട ആവശ്യമില്ല. [പെട്ടെന്ന് കേടാവാതിരിക്കാനാണിത്.] മത്തങ്ങയിൽ പുരട്ടിക്കഴിഞ്ഞ് ബാക്കി വന്ന വിനാഗിരി ചേർത്ത ശേഷം മത്തങ്ങ ഒരു രണ്ട് മിനിറ്റ് അടച്ച് വച്ച് വേവിക്കാം. രണ്ട് മിനിറ്റിനു ശേഷം മൂടി തുറന്ന് ഉപ്പും പുളിയും നോക്കണം. കുറവ് തോന്നുന്നെങ്കിൽ ഉപ്പും വിനാഗിരിയും ചേർത്ത് കൊടുക്കാം. തണുത്ത ശേഷം കഴുകി തുടച്ച ഒരു കുപ്പിയിൽ ആക്കി സൂക്ഷിക്കാം. രണ്ട് ദിവസത്തിനു ശേഷം കൂട്ടുകാർക്കും വീട്ടുകാർക്കും കൊടുത്ത് നോക്കൂ എന്താണ് അവരുടെ അഭിപ്രായം?

മത്തങ്ങ പായസം

പച്ച മത്തങ്ങ കിട്ടിയില്ലേ? മത്തങ്ങ പഴുത്തതേ ഉള്ളൂ. ശരി, സാരമില്ല നമുക്കൊരു മത്തങ്ങ പായസം ഉണ്ടാക്കി നോക്കിയാലോ?

വേണ്ട സാധനങ്ങൾ
====================
മത്തങ്ങ - നന്നായി മൂത്ത് പഴുത്തത് വലുത് ഒരെണ്ണം

ശർക്കര - 750 ഗ്രാം
നെയ്യ് - 100 ഗ്രാം
തേങ്ങാപ്പാൽ - 2 വലിയ തേങ്ങയുടെ
[തേങ്ങ ചിരവി ഒന്നാം പാൽ മാറ്റി വയ്ക്കണം. രണ്ടാം പാലും മൂന്നാം പാലും മറ്റൊരു പാത്രത്തിൽ മാറ്റി വയ്ക്കുക]

ചുക്ക് പൊടി - ഒരു നുള്ള് [ 1ഗ്രാം]
ഏലക്ക പൊടി - ഒരു നുള്ള് [1 ഗ്രാം]
അണ്ടിപ്പരിപ്പ് - 100 ഗ്രാം
ഉണക്ക മുന്തിരി - 100 ഗ്രാം

മത്തങ്ങ തൊലി കളഞ്ഞ് വലിയ കഷണങ്ങളാക്കി മുറിച്ച് ഒരു കുക്കറിൽ നന്നായി വേവിച്ച് ഉടയ്ക്കുക. മത്തങ്ങ വേവുന്ന സമയം കൊണ്ട് ശർക്കര ഒരൽപ്പം വെള്ളം ചേർത്ത് ഉരുക്കി അരിച്ച് വയ്ക്കണം. വെന്ത് ഉടച്ച മത്തങ്ങയും ശർക്കരയും രണ്ടാം പാലും മൂന്നാം പാലും ചേർത്ത് അടുപ്പത്ത് വച്ച് നന്നായി ഇളക്കി വറ്റിയ്ക്കുക. എല്ലാം ചേർന്ന് വറ്റി വരുമ്പോൾ 50 ഗ്രാം നെയ്യ് ചേർത്തിളക്കി നല്ല ബ്രൗൺ നിറമാകുമ്പോൾ ഒന്നാം പാൽ ചേർത്ത് ഇളക്കി ഒരു ചെറിയ തിള വരുമ്പോൾ ചുക്കും ഏലക്കാപൊടിയും ചേർത്ത് ഇളക്കി ഇറക്കി വയ്ക്കുക. ബാക്കി നെയ്യിൽ അണ്ടിപ്പരിപ്പും ഉണക്ക മുന്തിരിങ്ങയും വറുത്ത് ഉരുളിയിൽ ചേർക്കുക. പായസം തയ്യാറായി കഴിഞ്ഞു. നന്നായി തണുത്തോട്ടെ. അമ്മയ്ക്ക് കുടിക്കാൻ കൊടുത്ത് നോക്കൂ. എന്താ അഭിപ്രായം? നിങ്ങൾക്ക് ഇഷ്ടമായോ?

ഇപ്പോൾ രണ്ട് മത്തങ്ങയുടെ കുടലും ( മത്തങ്ങയുടെ കുരുവും ഉള്ളിലുള്ള മറ്റ് ഭാഗങ്ങളും) തൊലിയും ബാക്കിയായല്ലേ? അത് കളഞ്ഞ് വൃത്തിയാക്കാൻ അമ്മ പറഞ്ഞ് കാണും. അതൊന്നും കളയരുത്. നമുക്ക് ആ മത്തങ്ങ കുടൽ കൊണ്ട് ഒന്നാന്തരം ഒരു ചമ്മന്തി ഉണ്ടാക്കാം. ആ തൊലി ഉപ്പും മുളകും ചേർത്ത് ഉണക്കി കൊണ്ടാട്ടം ഉണ്ടാക്കുകയും ചെയ്യാം.

മത്തങ്ങ കുടൽ ചമ്മന്തിയുടെ റെസീപ്പി ഇതാ

വേണ്ട സാധനങ്ങൾ
മത്തങ്ങ കുടൽ - ഒരു മത്തങ്ങയുടെ
ഉഴുന്ന - 100 ഗ്രാം
ചുവന്നമുളക് - 8 എണ്ണം.
വേപ്പില - ഒരു പിടി
പുളി - 50 ഗ്രാം ( ഒരു നെല്ലിക്കാ വലിപ്പം)
വെളിച്ചെണ്ണം - 50 മിലി
ഉഴുന്ന്, ചുവന്നമുളക്, വേപ്പില വെളിച്ചെണ്ണയിൽ വറക്കുക. ബാക്കി വെളിച്ചെണ്ണയിൽ മത്തൻ കുടൽ 5 മിനിട്ട് വേവിക്കുക. കാൽ റ്റീസ്പൂൺ മഞ്ഞൾ, കാൽടീസ്പൂൺ കായം എന്നിവ ചേർത്ത് ഒരു മിനിട്ട് കൂടെ വേവിക്കുക. എല്ലാം കൂടെ പുളി ചേർത്ത് അരക്കുക. ഒരു മില്ലി വെളിച്ചെണ്ണ കൂടെ ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ച് എടുക്കുക.

ഇനി ഇത് തന്നെ ഇഡ്ഡലിയുടെ കൂടെ ചട്ണി ആയി കഴിക്കണമെങ്കിൽ എല്ലാം കൂടെ അരയ്ക്കുമ്പോൾ നന്നായി വെള്ളം ചേർത്ത് അരയ്ക്കുക. എന്നിട്ട് കടുകും വറ്റൽമുളകും കറിവേപ്പിലയും വെളിച്ചെണ്ണയിൽ പൊട്ടിച്ച് ചേർത്തിളക്കുക.
മത്തങ്ങ തൊലി വറ്റൽ
മത്തങ്ങ തൊലി - കനം കുറച്ച് ചെത്തിയെടുത്തത് - 250 ഗ്രാം - അല്ലെങ്കിൽ ഒരു മത്തങ്ങയുടെ
ഉപ്പ് - ആവശ്യത്തിന
മുളക് - 2 ടീസ്പൂൺ

മഞ്ഞൾ - കാൽ ടൂസ്പൂൺ
കായപൊടി - ഒരു നുള്ള് ( 1 ഗ്രാം)

മത്തങ്ങ തൊലി ഉപ്പും മുളകും മഞ്ഞളും കായവും ചേർത്ത് ഇളക്കി വെള്ളം വാലാൻ വയ്ക്കുക. വെള്ളം വാർന്ന് പോയതിനു ശേഷം നല്ല വെയിലത്ത് മൂന്ന് ദിവസം ഉണക്കി എടുക്കുക. വെയിലില്ലെങ്കിൽ മൈക്രോ വേവിൽ ചൂടാക്കി ഉണക്കിയാലും മതി. ശേഷം വെളിച്ചെണ്ണയിൽ വറുത്തെടുക്കുക.

പാചകമെല്ലാം ആസ്വദിച്ചില്ലേ? ഇനി ഒരു കുറിപ്പ് തയ്യാറാക്കാൻ മറക്കരുത്. എന്തൊക്കെ ഉണ്ടാക്കി, എന്തൊക്കെ സാധനങ്ങൾ ഉപയോഗിച്ചു, നിങ്ങൾക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെട്ടോ, പാചകം ഒരു രസകരമായ അനുഭവമായിരുന്നോ എന്നൊക്കെ പറയണം കുറിപ്പിൽ. ചിത്രങ്ങൾ, വീഡിയോകൾ ഒക്കെ കുറിപ്പിൽ ചേർക്കാം.

# കളികൾ

## പ്രവർത്തനം 1 - ഒരു വാട്ട്സപ്പ് കളി നൂറാക്കാം

വാട്ട്സപ്പിലൂടെയാണ് ഈ കളി കളിക്കുന്നത്. രണ്ട് ടീമുകൾ തമ്മിലാണ് കളിക്കുന്നത്. 10 പേർ ഉണ്ടെങ്കിൽ 5 പേർ വീതമുള്ള രണ്ട് ടീമാക്കാം. A, B എന്ന് ടീമിന് പേര് നൽകാം. A ടീമിൽ കളിക്കുന്നവർ A1, A2, A3, A4, A5 എന്നിവരും B ടീമിൽ കളിക്കുന്നവർ B1, B2, B3, B4, B5 എന്നിവരും ആണെന്നിരിക്കട്ടെ.

വാട്സപ്പിൽ A ടീമിലെ A1 ആദ്യം ഒരു നമ്പർ പോസ്റ്റ് ചെയ്യണം. ഏത് നമ്പറും ആകാം. ഈ നമ്പറിനെ ആദ്യം ഏത് ടീമാണോ 100 ആക്കുന്നത് അവർ ജയിക്കും. 100 ആക്കുന്നതിനു ചില നിയമങ്ങൾ ഉണ്ട്. അടുത്ത ഊഴം B1 ന്റേതാണ്. A2,B2,A3,B3,... എന്നിങ്ങനെ കളി തുടരും. 1, 3, 5, 7 എന്നീ നമ്പറുകളും +, - , X, / എന്നീ ചിഹ്നങ്ങളും മാത്രമേ ഉപയോഗിക്കാവൂ. പക്ഷെ രണ്ട ചിഹ്നവും 2 അക്കങ്ങളും മാത്രമേ ഒരാൾ ഉപയോഗിക്കാവൂ. ചിഹ്നവും അക്കവും ആവർത്തിക്കുകയും അരുത്. ഉദാഹരണത്തിന് 2 ആണ് A1 ആദ്യം എഴുതിയത് എങ്കിൽ B1 ന് 2x7+5 = 19 എന്ന് എഴുതാം. അടുത്തത് A2. B1 മാറ്റം വരുത്തിയ 70 എന്ന അക്കത്തേയാണ് A2 മാറ്റേണ്ടത്. A1, B1, A2, B2, A3, B3, A4, B4, A5, B5 പിന്നെ വീണ്ടും A1 ഇങ്ങനെ കളി തുടരാം. ആദ്യം 100 ആക്കുന്ന ടീം ജയിക്കും.

(അടുത്തയാൾ 100 ആക്കും എന്ന് കണ്ടാൽ അയാൾക്ക് 100 ആക്കാൻ കഴിയാത്ത സംഖ്യയിലേക്ക് എത്തിക്കുക എന്നത് കളിയിൽ പ്രധാനമാണ് )

കളിയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ മറക്കരുത്, അതിൽ ഓരോ നമ്പറും എങ്ങനെ മാറ്റി എന്നത് കാണിച്ചിരിക്കണം.

## പ്രവർത്തനം 2 - തലയോ വാലോ

ഈ കളി കളിക്കാൻ രണ്ട് പേരാണ് വേണ്ടത്. രണ്ട് കളി ഉപകരണങ്ങളും. ഒന്ന് ചെസ് കളിക്കുന്ന ഒരു ബോർഡ്. അതില്ലെങ്കിൽ ഒരു പേപ്പറിൽ അതുപോലെ 64 കള്ളി വരച്ചതായാലും മതി. കള്ളി ചെസ് ബോർഡിലെ പോലെ കറുപ്പും വെളുപ്പും ആക്കേണ്ടതില്ല. പിന്നെ 64 നാണയങ്ങൾ വേണം. അച്ഛന്റേയും അമ്മയുടേയും ഒക്കെ പേഴ്സിൽ ഉള്ള ചില്ലറ എല്ലാം തരാൻ പറയണം. കളിച്ചിട്ട് തിരിച്ചു തരാം എന്ന് ഉറപ്പു കൂടി കൊടുത്തോളൂ.

ആദ്യം ഒരു നാണയം എടുത്ത് ടോസ് ചെയ്യുക. ടോസിൽ ജയിക്കുന്നവർക്ക് തല (Head ) അയാൾ കളി തുടങ്ങും. മറ്റേ ആൾക്ക് വാല് (Tail).

ആദ്യം രണ്ടു പേരും രണ്ട് നാണയം വീതമെടുത്ത് ബോർഡിന്റെ നടുക്കുള്ള നാല് കള്ളികളിൽ വക്കണം. തല കിട്ടിയ ആൾ (തലയൻ) നാണയത്തിന്റെ തല മുകളിൽ കാണത്തക്കവിധമാണ് വക്കേണ്ടത്. വാൽ കിട്ടിയ ആൾ (വാലൻ) നാണയത്തിന്റെ വാൽ മുകളിൽ കാണുന്ന വിധത്തിലും. ബോർഡിൽ വച്ച നാണയങ്ങൾ കോണോടുകോൺ നോക്കുമ്പോൾ ഒന്നുകിൽ രണ്ടും തല അല്ലെങ്കിൽ രണ്ടും വാല് വരത്തക്കവിധം വക്കണം. (ഇവിടെ ചിത്രം / ഫോട്ടോ കൊടുക്കാം)

ഇനിയാണ് കളി ആരംഭിക്കുന്നത്. തലയന് കളി തുടങ്ങാം. അയാൾക്ക് ഒരു നാണയം വക്കാം. ഇപ്പോൾ നാണയമുള്ള ഏതെങ്കിലും കളത്തിന്റെ തൊട്ടടുത്ത കളത്തിലേ വക്കാൻ പാടുള്ളൂ. തലയൻ തല മുകളിലാക്കി ഒരു നാണയം വക്കുമ്പോൾ വരിയിലോ നിരയിലോ കോണോടു കോണോ ആയി രണ്ട് തല മുകളിലായ നാണയങ്ങൾക്കിടക്ക് വാൽ മുകളിലായ നാണയം ഉണ്ടെങ്കിൽ ആ നാണയങ്ങളെ തിരിച്ച് തല മുകളിലാക്കി വക്കാം. ഇനി വാലന്റെ ഊഴം. വാലൻ വാൽ മുകളിലാക്കി ഒരു നാണയം വക്കുമ്പോൾ രണ്ട് വാൽ മുകളിലായ നാണയങ്ങൾക്കിടക്ക് തലമുകളിലായ നാണയം ഉണ്ടെങ്കിൽ തിരിച്ച് വാൽ മുകളിലാക്കി വക്കാം. ഇങ്ങനെ 64 കള്ളികളിലും നാണയം വെച്ച് കഴിയുമ്പോൾ ഏറ്റവും കൂടുതൽ തലയെണ്ണകിൽ തലയൻ ജയിച്ചു. തിരിച്ചായാൽ വാലൻ ജയിച്ചു. എന്താ കളി ഇഷ്ടപെട്ടോ? ഒന്ന് കളിച്ച നോക്കുകയല്ലേ?

## പ്രവർത്തനം 3 - കണ്ടെത്തൽ കളി

രണ്ട് പേർക്ക് കളിക്കാവുന്ന ഒരു കളി ആണിത്. A, B എന്ന രണ്ടു പേരാണ് കളിക്കുന്നത് എന്ന് കരുതുക. കളിക്കാൻ വേണ്ടത് -ചീട്ട് കളിക്കാൻ ഉപയോഗിക്കുന്ന സെറ്റ് ചീട്ടിൽ നിന്നും എയ്സ് മുതൽ 9 വരെയുള്ള ചീട്ടുകൾ , അല്ലെങ്കിൽ 1 മുതൽ 9 വരെയുള്ള നമ്പർ കാർഡുകൾ അതും അല്ലെങ്കിൽ പേപ്പറിൽ 1 മുതൽ 9 വരെ എഴുതിയത്. സാധാരണ ചീട്ടാണെങ്കിൽ എയ്സ് മുതൽ ഒൻപത് വരെയുള്ള ചീട്ടുകൾ നാലു തരം ഉണ്ടല്ലോ. അതിൽ ഏതെങ്കിലും മൂന്ന് തരം എടുത്താൽ മതി. നമ്പർ കാർഡോ പേപ്പറിൽ എഴുതിയതോ ആണെങ്കിൽ 3 സെറ്റ് വേണം.

കളിക്കാനായി A ഒരു വശത്തും B മറുവശത്തും ഇരിക്കണം. B യുടെ മുന്നിൽ 1 മുതൽ 9 വരെയുള്ള കാർഡുകളുടെ ഒരു സെറ്റ് ക്രമത്തിൽ മലർത്തി നിരത്തി വച്ചിരിക്കണം. ഓരോ സെറ്റ് രണ്ടു കൂട്ടരുടേയും കയ്യിലും വക്കണം. B യുടെ കയ്യിലുള്ള സെറ്റ് കശക്കി അതിൽ നിന്നും ഒരു കാർഡ് എടുക്കണം. ഏത് നമ്പരാണ് കയ്യിലുള്ളത് എന്ന് A യെ കാണിക്കരുത്. A അത് ഊഹിച്ച് പറയണം. ആദ്യ ചാൻസിൽ ക്ലൂ ഒന്നും ഉണ്ടാകില്ല. അതിനാൽ വെറുതെ ഊഹം പറയാനേ പറ്റൂ. A തന്റെ കയ്യിലുള്ള കാർഡിൽ ഒന്ന് B യുടെ നേരേ വക്കുന്നു. അത് A യുടെ ഊഹം ആണ്. അത് ശരി എങ്കിൽ B തന്റെ കാർഡ് കാണിക്കണം. ശരിയല്ല എങ്കിൽ മുന്നിൽ ക്രമമായി വച്ചിരിക്കുന്ന കാർഡുകളിൽ ഒന്ന് മുന്നോട്ട് നീക്കി വക്കാം. നീക്കിവച്ച സംഖ്യ A യുടെ ഊഹത്തിന്റെ കൂടെ കൂട്ടുകയോ, A യുടെ ഊഹത്തിൽ നിന്നും കുറക്കുകയോ നീക്കിവച്ച സംഖ്യ കൊണ്ട് A യുടെ ഊഹത്തിനെ ഗുണിക്കുകയോ ഹരിക്കുകയോ ചെയ്താൽ B യുടെ കയ്യിലുള്ള സംഖ്യ ആകണം. ഉദാഹരണത്തിന് B യുടെ കാർഡ് 3 ആണ് എന്നിരിക്കട്ടെ. A യുടെ ഊഹം 6 ആണ് എന്നും ഇരിക്കട്ടെ. 6 ൽ നിന്നും 3 കുറച്ചാലും 6 നെ 2 കൊണ്ട് ഹരിച്ചാലും 3 കിട്ടും. അതിനാൽ B ക്ക് 3 ഓ

2 ഓ മുന്നോട്ട് നീക്കി വക്കാം. B 3 നീക്കി വച്ചാൽ Aക്ക് കിട്ടുന്ന ക്ലൂ സംഖ്യ 2, 3, 9 ഇവയിൽ ഏതെങ്കിലും ആണ് എന്നായിരിക്കും. ഈ ക്ലൂ ഉപയോഗിച്ച് A ക്ക് അടുത്ത ഊഹം കാണിക്കാം. ശരിയാകുന്നതു വരെ ക്ലൂ കൊടുത്തു കൊണ്ടേ ഇരിക്കണം. പരമാവധി 5 ഊഹം വരെയേ പാടുള്ളൂ. എത്രാമത്തെ ഊഹമാണോ ശരിയായത് അഞ്ചിൽ നിന്ന് ആ സംഖ്യ കുറക്കുന്നതാണ് A യുടെ പോയിന്റ്. ഉദാഹരണമായി മൂന്നാമത്തെ ഊഹത്തിൽ ശരിയായാൽ 2 പോയിന്റ്. ഇനി A കാർഡ് എടുക്കണം. B ഊഹിക്കണം. ആർക്കാണോ ആദ്യം 10 പോയിന്റ് കിട്ടുന്നത് അയാൾ വിജയി. കളിച്ച് നോക്കി ഒരു കളി വിവരണം എഴുതിവെക്കണേ.

## പ്രവർത്തനം 4 - പേപ്പർ പസിൽ

ഒരു പേപ്പർ എടുക്കുക. കത്രിക ഉപയോഗിച്ച് പേപ്പറിന്റെ അരിക് ഒക്കെ മുറിച്ച് കളഞ്ഞ് നിങ്ങൾക്ക് ഇഷ്ടമുള്ള ആകൃതിയിൽ ആക്കാം. അരികുകൾ ഒക്കെ വളഞ്ഞും തിരിഞ്ഞും ഒക്കെ ആകാം. ഇനി ആ പേപ്പറിൽ ഏതാണ്ട് നടുവിലൂടെ കടന്നു പോകത്തക്കവിധം സ്കെയിൽ വച്ച് ഒരു വര വരക്കുക. ആ വരയെ മുറിച്ചു കടന്നു പോകുന്ന മറ്റൊരു വരയും വരയ്ക്കുക. വരകൾ കൂട്ടിമുട്ടുന്നത് പേപ്പറിന്റെ മധ്യഭാഗത്തിന് അടുത്ത് വരത്തക്കവിധമാണ് രണ്ടാമത്തെ വര വരക്കേണ്ടത്. ഇനി പേപ്പറിന്റെ ഏതെങ്കിലും അരികിലായി ഒരു തുള ഇടുക. പേപ്പർ തുളക്കുന്ന പഞ്ച് ഉണ്ടെങ്കിൽ അത് വച്ച് ഇടുന്നതാകും നല്ലത്. ഇപ്പോൾ നമ്മുടെ  പസിൽ ചെയ്യാനുള്ള സാമഗ്രി റെഡി.

ഇനി  ചെയ്യേണ്ടത് എന്താണെന്നല്ലേ? പേപ്പറിനെ രണ്ടായി മുറിച്ചിട്ട് ആ കഷണങ്ങൾ വീണ്ടും കൂട്ടി ചേർത്ത് വക്കണം. ചില നിബന്ധനകൾ ഉണ്ട് കേട്ടോ. മുറിച്ച രണ്ട് കഷണവും കൂട്ടി വക്കുമ്പോൾ നിങ്ങൾ പേപ്പറിൽ ഇട്ട തുള രണ്ട് വരകൾ കൂട്ടിമുട്ടുന്ന സ്ഥാനത്ത് വരണം. ഒരു കാര്യം കൂടി. കഷണങ്ങൾ കൂട്ടി വച്ച് കഴിയുമ്പോൾ പേപ്പറിന്റെ ആകൃതി പഴയതു തന്നെ ആയിരിക്കണം. അത്രേ ഉള്ളൂ. പേപ്പർ രണ്ടു കഷണമേ ആക്കാൻ പാടുള്ളൂ എന്ന് ഓർമ വേണേ.

കഷണം മുറിക്കുന്നതിന്റേയും ചേർത്തു വക്കുന്നതിന്റേയും ഫോട്ടോ എടുത്തോളൂ.

## പ്രവർത്തനം 5 - നൂറിലേക്കോട്ടം

(സ്കൂൾ തുറക്കുന്ന സാഹചര്യം പരിഗണിച്ചാണ് ഈ കളി രൂപപ്പെടുത്തിയത്.)

വീട്ടിലോ ക്ലാസ് മുറിയിലോ പുറത്തോ കളിക്കാവുന്ന ഒരു കളിയാണ് ഇത്. എത്ര പേർക്കു വേണമെങ്കിലും ഈ കളിയിൽ പങ്കെടുക്കാം. പക്ഷെ ഒരു സമയത്ത് രണ്ടു പേരാണ് കളിക്കുക എന്ന് മാത്രം. കളിക്കുന്നവർ ഒരേ പ്രായത്തിലുള്ളവർ ആയിരിക്കണം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് വീട്ടിലും സ്കൂളിലും കളിക്കാം.

ക്ലാസ് മുറിയിലാണെങ്കിൽ മുറിയുടെ രണ്ടറ്റത്തായി രണ്ട് മേശയോ ഡെസ്കോ ഇടുക. പുറത്താണെങ്കിൽ 3 മീറ്റർ ദൂരെ മേശ ഇട്ടാൽ മതി. ഒരു മേശയുടെ രണ്ടറ്റത്തായി രണ്ട് പ്ലേറ്റുകൾ വക്കുക. ഈ മേശയിലാണ് കളി അവസാനിക്കുന്നത് (finishing point). ഇനി തുടങ്ങുന്ന മേശയുടെ രണ്ടറ്റത്തായി കളിക്കുന്ന രണ്ടു കുട്ടികൾ നിൽക്കണം (Starting point). കളിക്ക് 3 ഘട്ടങ്ങളുണ്ട്

ഒന്നാം ഘട്ടം - ഒറ്റകൊണ്ടോട്ടം

തുടങ്ങുന്ന മേശയുടെ രണ്ടറ്റത്തും ഒരേ നീളമുള്ള 9 ഈർക്കിലുകൾ വീതം വച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർ 0 മുതൽ 9 വരെയുള്ള ഏതെങ്കിലും ഒരു സംഖ്യ വിളിച്ചു പറയുക. അത് കേട്ട ഉടനെ അത്രയും എണ്ണം ഈർക്കിൽ എടുത്ത് ഓടി പോയി മറ്റേ മേശപ്പുറത്തെ പ്ലേറ്റിൽ വക്കുക. ആരാണ് ആദ്യം കൃത്യ എണ്ണം ഈർക്കിലുകൾ പ്ലേറ്റിൽ എത്തിക്കുക ? ഇനി അടുത്ത രണ്ടു പേർക്ക് കളിക്കാം.

രണ്ടാം ഘട്ടം - പത്തിലേക്കോട്ടം

ഈ ഘട്ടത്തിൽ അവസാനിക്കുന്ന മേശയിൽ ഈർക്കിലിന്റെ അതേ നീളമുള്ള എന്നാൽ 10 ഈർക്കിലുകൾ കൂട്ടിപ്പിടിക്കുന്ന കനമുള്ള 9 കമ്പുകളുടെ രണ്ട് സെറ്റ് കൂടി വക്കണം. ഇപ്രാവശ്യം ഒരു രണ്ടക്ക സംഖ്യയാണ് പറയേണ്ടത്. 62 ആണ് പറയുന്നതെങ്കിൽ അറുപത്തി .... എന്ന് പറഞ്ഞ് കുറച്ച് സമയം നിർത്തിയിട്ട് രണ്ട് എന്ന് പറയണം. പറഞ്ഞു തീരുമ്പോൾ തുടക്ക മേശയിൽ നിന്ന് 2 ഈർക്കിൽ എടുത്ത് ഓടി വന്ന് അവസാന മേശയിൽ നിന്ന് 6 കമ്പ് കൂടി എടുത്ത് പ്ലേറ്റിൽ ഇടണം. കളി മുമ്പ് പറഞ്ഞതു പോലെ തന്നെ.

ഘട്ടം 3 - നൂറിലേക്കോട്ടം

ഇപ്പോൾ അവസാന മേശയിലുള്ള പത്തിന്റെ കമ്പുകൾ കൂടി തുടക്ക മേശയിലേക്ക് മാറ്റണം. അവസാന മേശയിൽ പത്തിന്റെ 10 കമ്പുകൾ കൂട്ടിവക്കുന്ന കനമുള്ള അതേ നീളമുള്ള നൂറിന്റെ 9 കമ്പുകളുടെ രണ്ട് സെറ്റ് കൂടി വക്കണം. പറയേണ്ടത് 3 അക്ക സംഖ്യ. കളിക്കുന്ന രീതി മുൻപ് വിവരിച്ചതു പോലെ.

(ഈ കളി വേണമെങ്കിൽ ഹീറ്റ്സ്, സെമി ഫൈനൽ, ഫൈനൽ ഇങ്ങനെ ഓരോ ഹീറ്റ്സിലും വിജയികളാവുന്നവരുടെ സെമിയും സെമിയിൽ വിജയിക്കുന്നവരുടെ ഫൈനലും ആയും നടത്താം)

കുറിപ്പ് തയ്യാറാക്കാൻ പറയണം - കളി അനുഭവം വിവരിക്കാനും.